പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1522 03.10.2016 ൽ - മറുപടിക്ക്

# പൊതുവിതരണ മേഖലയിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>,, ആന്റണി ജോൺ<br>,, പി. ഉണ്ണി<br>,, കെ. കുഞ്ഞിരാമൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാതലങ്ങളിലും അഴിമതി വ്യാപകമായിരുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിതരണ ശൃംഖലയിലെ ഭക്ഷ്യധാന്യങ്ങളുടെ ദുരുപയോഗം, പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിന് ശക്തമായ പരിശോധന സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. പൊതുവിതരണ രംഗത്തെ ടി ദുഷ്പ്രവണതകൾ തടയിടുന്നതിനായി എല്ലാ കാലത്തും നിരന്തരം പരിശോധനകൾ നടത്താറുണ്ട്. |
| (ബി) പ്രസ്തുത മേഖല അഴിമതി രഹിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെകൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്ത് ഉടനീളം 20199 പൊതുവിതരണ കേന്ദ്രങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി. ഓണം, ബക്രീദ് കാലത്ത് റേഷൻ സാധനങ്ങളുടെ തിരിമറി/ മറിച്ച് വിൽപ്പന എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും വിതരണവും ഉറപ്പ് വരുത്തുന്നതിനായി വകുപ്പ് തല പരിശോധനാ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ ജില്ല/മേഖലതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25.08.2016 മുതൽ പ്രവർത്തിച്ചു വന്നിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ |

പരിശോധനയുടെ വിശദാംശങ്ങൾ ദിവസേന സർക്കാരിലേക്ക് നൽകുന്നതിനുമായി 25.08.2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഇതിന് പുറമെ താലൂക്ക് / ജില്ല / മേഖലതല കൺട്രോൾ റൂമുകളും രൂപീകരിച്ചിരുന്നു.

(സി) സാധനങ്ങൾ ലഭ്യമാകാത്ത അവസ്ഥയും അളവിലെ വെട്ടിപ്പും തടയാൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത് ;

(സി) പൊതുവിതരണ കേന്ദ്രങ്ങളിൽ വിലവിവര പട്ടിക, വിതരണതോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ട്. ഇത് കർശനമായി പാലിക്ക പ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരവും 1968-ലെ കെ.കെ.സി. ഉത്തരവ് പ്രകാരവും ശക്തമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഇതിനു പുറമേ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ്സുകളുടെ ഡിസ്പ്ലേ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്; ഇതിനോടുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ?

(ഡി)

- സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക
- ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും സർക്കാർ ചെലവിൽ കടകളിൽ എത്തിക്കുക. ഡോർഡെലിവറി സമ്പ്രദായം നടപ്പിലാക്കുക.
- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള കമ്മീഷൻ വ്യസ്ഥക്ക് പകരം ലൈസൻസി, സെയിൽസ്മാൻ എന്നിവർക്ക് മാന്യമായ വേതനം അനുവദിക്കുക
- റേഷൻ വ്യാപാരികളുടെ പെൻഷൻ പ്രായം 60 വയസ്സാക്കുക. ഇ.എസ്.ഐ. ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുക ഇവയാണ് റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ.

ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടൊപ്പം റേഷൻ വ്യാപാരികളുടെ ആവശ്യങ്ങളും പരിശോധിച്ചുവരുന്നു.

*സെക്ഷൻ ഓഫീസർ*